# ഹാ...! എന്തൊരു പ്രതിഛായ!!

**മനുഷ്യമനസ്സിൽ** ധർമബോധമെന്ന പോലെ കുറ്റവാസനയും ജന്മനാ കുടിയിരിക്കുന്നുണ്ട്. ധർമ ബോധത്തെ വളർത്തുന്നവർ സന്മാർഗികളായും കുറ്റവാസനയെ വളർത്തുന്നവർ കുറ്റവാളികളായും തീരുന്നുവെന്ന് ഖുർആൻ. വ്യക്തിയുടെ ധർമബോധത്തെയും കുറ്റവാസനയെയും വളർത്തുന്നതിൽ അയാളുടെ ജീവിതപരിസരത്തിനും സമൂഹത്തിനും വലുതായ സ്വാധീനമുണ്ടെന്ന് പ്രവാചകനും വ്യക്തമാക്കി. സമൂഹത്തിൽനിന്ന് അർഹിക്കുന്ന പരിഗണനയും പരിചരണവും നീതിയും ലഭിക്കുന്ന വർക്ക് നൈതിക ജീവിതം അനായാസം സ്വായത്തമാകുന്നു. അവഗണനയും പീഡനവും ലഭിക്കു ന്നവർ സാമൂഹികവിരുദ്ധതയിലാണ് എളുപ്പം എത്തുക. കുറ്റവാളികളുടെ ജീവിതപശ്ചാത്തലം പരി ശോധിച്ചാൽ അവരിൽ വളരെപ്പേർ സമൂഹത്താൽ കുറ്റവാളികളാക്കപ്പെട്ടതാണെന്ന് വ്യക്തമാകും. സമൂഹം നീതി നൽകാത്തവരിൽനിന്ന് സമൂഹത്തിന് നീതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നത് വെറു തെയാണ്. സാമൂഹികനിയമങ്ങളും വ്യവസ്ഥകളും നീതിയുടെ സാക്ഷാത്കാരത്തിനുള്ളതാണ്. അവ ആർക്കെങ്കിലും നീതിനിഷേധിക്കാനുള്ള ഉപകരണമായനുഭവപ്പെട്ടാൽ അവർക്ക് ആ നിയമങ്ങളോടും വ്യവസ്ഥകളോടും അശേഷം ആദരവുണ്ടാവില്ല.

സമൂഹം യുക്തമായി പരിഗണിക്കുകയും പരിചരിക്കുകയും അർഹമായ അവകാശങ്ങൾ അനുവദിക്കുകയും ചെയ്താലും ചില വ്യക്തികൾ നൈസർഗികമായ ധർമബോധത്തിന്റെ ക്ഷയ ത്താലും കുറ്റവാസനയുടെ അതിപ്രസരത്താലും, അധാർമികവും അക്രാമകവുമായ ജീവിതമവലം ബിക്കും. അത്തരക്കാരിൽനിന്ന് ജനങ്ങളെ സംരക്ഷിക്കാനാണ് പോലീസ് സേനയും കോടതി സംവി ധാനവും സ്ഥാപിതമാകുന്നത്. പിടികൂടപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുമെന്ന ഭയം ഒരുവിധപ്പെട്ട ക്രിമിനലുകളെ കുറ്റകൃത്യങ്ങളിൽനിന്ന് പിന്തിരിപ്പിക്കുന്നു. പോലീസ് സേനയും കോടതി സംവിധാനവും എത്രത്തോളം സത്യസന്ധവും കാര്യക്ഷമവുമാണോ അത്രത്തോളം ഭദ്രമായിരിക്കും സമൂഹത്തിന്റെ ക്രമസമാധാനവും സ്വൈരജീവിതവും. ദൈവത്തെ പേടിയില്ലാത്തവരാണ് കുറ്റകൃ ത്യങ്ങളിൽ വിഹരിക്കുന്നത്. ആളുകളെ ദൈവഭയമുള്ളവരാക്കുക സെക്യുലർ സർക്കാറിന്റെ ജോലി യുമല്ല. ഈ സാഹചര്യത്തിൽ പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമമല്ലെങ്കിൽ കുറ്റവാളി കൾ ആരെ പേടിക്കണം?

കേരളത്തിൽ മോഷണം, കൊലപാതകം, സ്ത്രീപീഡനം തുടങ്ങിയ കുറ്റകൃത്യങ്ങൾ അപ്രതിഹതമായി പെരുകിക്കൊണ്ടിരിക്കുകയാണ്. ബാങ്കുകൾ പോലും സുരക്ഷിതമല്ല. ബാങ്കർമാർ വരെ നിഷ്ഠുരമായി കൊല്ലപ്പെടുന്നു. ജനങ്ങൾക്കല്ല, മോഷ്ടാക്കൾക്കും മാഫിയകൾക്കുമാണിവിടെ സ്വൈരവും സമാധാനവുമുള്ളത്. അതുകൊണ്ടുതന്നെ രണ്ടു വിഭാഗത്തിലും അംഗസംഖ്യ അനു ദിനം വർധിച്ചുവരുന്നു. കേരള പോലീസ് എത്രത്തോളം ജീർണിച്ചിരിക്കുന്നുവെന്നതിന്റെ അനിഷേ ധ്യമായ തെളിവാണ്, പ്രമാദമായ കേസുകളിലെല്ലാം കോടതികൾ പോലീസിന്റെ പ്രവർത്തനത്തിനെ തിരെ നടത്തിയിട്ടുള്ള രൂക്ഷ വിമർശനങ്ങൾ. കുറ്റവാളികളെ പിടികൂടാതിരിക്കുന്നതിനേക്കാൾ എത്രയോ ഭീകരമാണ് നിരപരാധികളെ പിടികൂടി പീഡിപ്പിക്കുന്നത്. നീണ്ട ഒമ്പതു വർഷം ജയിലിലിട്ട് പീഡി പ്പിക്കപ്പെട്ട ശേഷമാണ് സ്പെഷ്യൽ കോടതിയും തമിഴ്നാട് ഹൈക്കോടതിയും അബ്ദുന്നാസിർ മഅ്ദനിയെ നിരപരാധിയെന്ന് വിധിച്ച് വിട്ടയച്ചത്. ബോംബെറിഞ്ഞ് അദ്ദേഹത്തിന്റെ കാൽ നഷ്ടപ്പെ ടുത്തിയവർ ശിക്ഷിക്കപ്പെട്ടതുമില്ല. കളമശ്ശേരി ബസ് കത്തിക്കലിന്റെ പേരിൽ ഏറെ നാൾ പീഡിപ്പി ക്കപ്പെട്ട ഒന്നാം പ്രതി ഇപ്പോൾ കേസിൽ പ്രതിയേ അല്ല. കസ്റ്റഡിയിലെടുക്കുന്നവരെ കൊണ്ട് ഏതു

കുറ്റവും സമ്മതിപ്പിക്കാനുള്ള പോലീസിന്റെ മിടുക്ക് അപാരം തന്നെ. അങ്ങിങ്ങ് നടക്കുന്ന കസ്റ്റഡി മരണങ്ങൾ അതാണ് സൂചിപ്പിക്കുന്നത്.

കുറ്റമൊന്നും ചെയ്യാതെ ഒമ്പതു വർഷം ജയിൽശിക്ഷയനുഭവിച്ച മഅ്ദനിയുടെ ഭാര്യ സൂഫിയ എന്ന വീട്ടമ്മയെയാണിപ്പോൾ കേരള പോലീസ് ഒരാഗോള ഭീകരിയെയെന്നോണം പിടികൂടിയിരിക്കുന്നത്. കോടതി വിചാരണ ചെയ്താൽ ഈ കേസിന്റെ ഗതിയെന്താകുമെന്ന് കണ്ടറിയണം. അതുകൊണ്ടുതന്നെയാവണം കോടതി വിചാരണക്ക് മുമ്പ് സൂഫിയക്കെതിരെയുള്ള തെളിവുകൾ പോലീസ് മാധ്യമങ്ങൾക്ക് സമർപ്പിക്കുന്നത്. മാധ്യമവിചാരണ ആഘോഷപൂർവം നടക്കുന്നുമുണ്ട്. കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ, സൂഫിയയായാലും മഅ്ദനിയായാലും ശിക്ഷിക്കപ്പെടുന്നതിൽ ആർക്കും എതിർപ്പുണ്ടാവില്ല. ശിക്ഷിക്കപ്പെടുന്നത് കുറ്റം ചെയ്തു എന്ന് സ്ഥിരീകരിക്കപ്പെട്ടവർ തന്നെ ആയിരിക്കണം; കുറ്റം ചെയ്തിട്ടുണ്ടെങ്കിലോ എന്ന ഊഹത്തിന്റെ അടിസ്ഥാനത്തിലായിക്കൂടാ. ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധിയും ശിക്ഷിക്കപ്പെട്ടുകൂടാ എന്നാണ് നൈതിക പ്രമാണം. പണ്ടൊക്കെ കുറ്റാരോപിതനാകുന്ന നിരപരാധി ശിക്ഷ ഭയക്കേണ്ടതുണ്ടായിരുന്നില്ല. കുറ്റാരോപിതൻ എന്ന അപമാനം പേറിയാൽ മതിയായിരുന്നു. എങ്കിലും ന്യായവിചാരണയിൽ ശിക്ഷാ മുക്തനാകുമായിരുന്നു. കുറ്റാരോപിതനാകുന്ന നിരപരാധി കുറ്റവാളിയേക്കാളേറെ ശിക്ഷിക്കപ്പെടുന്ന അവസ്ഥയാണ് ഇന്നുള്ളത്. അബ്ദുന്നാസിർ മഅ്ദനിതന്നെ അതിന്റെ വ്യക്തമായ ഉദാഹരണമാണ്.

ബസ് കത്തിക്കൽ കളമശ്ശേരി സംഭവത്തിനു മുമ്പും പിമ്പും കേരളത്തിലെ ഏതാണ്ട് എല്ലാ പാർട്ടികളും സർക്കാർ നടപടിക്കെതിരെ സ്വീകരിച്ചുവരുന്ന പ്രതിഷേധ രൂപമാണ്. ഇതെഴുതുമ്പോഴും കണ്ണൂർ ജില്ലയിൽ വാഹനങ്ങൾ കത്തിയെരിയുന്നുണ്ട്. തമിഴ്നാട് ഗവൺമെന്റ് അബ്ദുന്നാസിർ മഅ്ദനിയെ തടവിലാക്കിയതിൽ പ്രതിഷേധിച്ച് അദ്ദേഹത്തിന്റെ പാർട്ടിയായ പി.ഡി.പി പ്രവർത്തകർ തമിഴ്നാടിന്റെ ഒരു ബസ് കത്തിച്ചിട്ടുണ്ടെങ്കിൽ അത് കുറ്റകരമായ നടപടിതന്നെയാണെങ്കിലും കേരളത്തിലെ ഭരണപക്ഷ പാർട്ടികളും പ്രതിപക്ഷ പാർട്ടികളും നേരത്തേ സൃഷ്ടിച്ച മാതൃക പിന്തുടരുകയായിരുന്നില്ലേ അവർ? അത്തരം ഒരു സംഭവത്തിന്റെ പേരിൽ മുസ്‌ലിം ലീഗ് ഉൾപ്പെടെയുള്ള യു.ഡി.എഫ് കക്ഷികൾ സംഘ്പരിവാർ ഭാഷയിൽ ഉറഞ്ഞുതുള്ളുന്നതിന്റെ ലക്ഷ്യം എൽ.ഡി.എഫ് ഗവൺമെന്റിനെ സമ്മർദത്തിലാക്കുകയാണെങ്കിലും കേരളത്തിലെ സാമുദായിക സൗഹാർദത്തിന് ഗുരുതരമായ ആഘാതമേൽപിക്കുന്ന നടപടിയാണത്. ഗവൺമെന്റ് ആ സമ്മർദത്തിന് വഴങ്ങുന്നതും തീരെ ആശാസ്യമല്ല.

വേണമെങ്കിൽ പോലീസ് സ്റ്റേഷനിലും ഞങ്ങൾ ബോംബുണ്ടാക്കും എന്ന് സഖാവ് കോടിയേരി ബാലകൃഷ്ണൻ പരസ്യ പ്രസ്താവന നടത്തിയതായി പത്രങ്ങൾ പണ്ട് റിപ്പോർട്ട് ചെയ്തിരുന്നു. അതിനു മുമ്പും പിമ്പും കേരളത്തിൽ ബോംബ് സ്ഫോടനങ്ങളും അറുകൊലകളും അനേകം നടന്നു. പലതിലും മുഖ്യ പ്രതികൾ കോടിയേരിയുടെ പാർട്ടിക്കാരാണ്. പലയിടങ്ങളിൽനിന്നും കൊട്ടക്കണക്കിന് ബോംബുകൾ കണ്ടെടുത്തിട്ടുമുണ്ട്. അതിന്റെയൊന്നും പേരിൽ കോടിയേരിയെ അറസ്റ്റ് ചെയ്തതായോ ചോദ്യം ചെയ്തതായോ കേട്ടിട്ടില്ല. ആ കോടിയേരിയാണ് ഇപ്പോൾ ആഭ്യന്തരമന്ത്രിയുടെ കസേരയിലിരുന്ന്, കളമശ്ശേരി ബസ് കത്തിച്ചുവെന്ന് കരുതപ്പെടുന്നവരുമായി ഫോൺ ബന്ധമുണ്ടായിരുന്നു എന്ന പേരിൽ ഒരു വീട്ടമ്മയെ അറസ്റ്റ് ചെയ്യിച്ചതു വഴി തന്റെ സർക്കാറിന്റെ പ്രതിഛായ മെച്ചപ്പെട്ടു എന്നു ഘോഷിക്കുന്നത്. ഹാ...! എന്തൊരു പ്രതിഛായ!! ■